# ദ്രാവിഡ ചതുർഭാഷാ നിഘണ്ടു 'സമം' ഇനി ഓൺലൈനിൽ

08 April 2024, 02:00 AM IST



**ബെംഗളൂരു:** മലയാളത്തിൽ ഒരുവാക്ക് തിരഞ്ഞാൽമതി, അതിന്റെ തമിഴ്, തെലുഗു, കന്നഡ അർഥങ്ങൾ മുന്നിൽ തെളിയും. 'സമം' ഓൺലൈൻ നിഘണ്ടുവാണ് വാക്കുകളുടെ നാലുഭാഷകളിലെ അർഥം ഒറ്റക്ലിക്കിൽ കൺമുന്നിലെത്തിക്കുന്നത്. 'ഞാറ്റ്യേല ശ്രീധരന്റെ ദ്രാവിഡഭാഷാ പദപരിചയത്തിന്റെ' ഓൺലൈൻ രൂപമാണിത്. ഇൻഡിക് ഡിജിറ്റൽ ആർക്കൈവ് ഫൗണ്ടേഷന്റെ നേതൃത്വത്തിൽ തയ്യാറാക്കിയ നിഘണ്ടു ഞായറാഴ്ച ബെംഗളൂരുവിൽ നടന്ന ചടങ്ങിൽ പ്രകാശനം ചെയ്തു.

To advertise here, Contact Us

നാലാംക്ലാസ് വിദ്യാഭ്യാസംമാത്രം ലഭിച്ച, തലശ്ശേരി വയലളം സ്വദേശി ഞാറ്റ്യേല ശ്രീധരൻ 25 വർഷത്തെ പ്രത്നംകൊണ്ടാണ് നിഘണ്ടു തയ്യാറാക്കിയത്. ആദ്യകാലത്ത് ബീഡിത്തൊഴിലാളിയായിരുന്ന അദ്ദേഹം കർണാടകത്തിലും

തെലങ്കാനയിലും തമിഴ്നാട്ടിലും താമസിച്ച് ഭാഷ പഠിച്ചെടുത്തായിരുന്നു നിഘണ്ടുനിർമാണം തുടങ്ങിയത്. വിവിധ ഭാഷകളിലെ പുസ്തകങ്ങളും പത്രങ്ങളും ആനുകാലികങ്ങളും വായിക്കുന്നതിലൂടെ കിട്ടുന്ന വാക്കുകളുടെ അർഥം തിരഞ്ഞ് കണ്ടെത്തി കുറിച്ചുവെക്കുന്നതായിരുന്നു രീതി. 2012-ൽ കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് മലയാളം- തമിഴ് നിഘണ്ടു എന്ന പേരിലും 2020-ൽ സീനിയർ സിറ്റിസൺസ് ഫോറം ചതുർദ്രാവിഡ ഭാഷാ നിഘണ്ടുവെന്ന പേരിലും ഇവ പ്രസിദ്ധീകരിച്ചു. 2023-ലാണ് ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് 'ചതുർദ്രാവിഡ ഭാഷാ പദപരിചയം' എന്ന പേരിൽ സമ്പൂർണ നിഘണ്ടു പ്രസിദ്ധീകരിക്കുന്നത്.

ഭാഷാപഠനത്തിനും ഇതരസംസ്ഥാനങ്ങളിൽ താമസിക്കുന്ന മലയാളികൾക്കും നിഘണ്ടു ഏറെ പ്രയോജനകരമാകും. മലയാളത്തിനുപുറമേ, തമിഴ്, കന്നഡ, തെലുഗു ലിപികളിലുള്ള ഉള്ളടക്കവും ഇവ വായിക്കുന്നതെങ്ങനെയെന്ന് ഇംഗ്ലീഷിലും 'സമ'ത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. നിഘണ്ടു പ്രാരംഭഘട്ടത്തിലാണെന്നും ഭാഷാവിദഗ്ധരുടെയും ഭാഷാസ്നേഹികളുടെയും സഹായത്തോടെ തെറ്റുകൾ തിരുത്തുന്നതുൾപ്പെടെയുള്ള പ്രവൃത്തി നടത്തുമെന്നും ഇൻഡിക് ഡിജിറ്റൽ ആർക്കൈവ് അധികൃതർ അറിയിച്ചു. ഓൺലൈൻ മലയാളം നിഘണ്ടുവായ 'ഓളം', പുസ്തകങ്ങളെ ഡിജിറ്റൽ രൂപത്തിൽ സൂക്ഷിക്കുന്ന 'ഗ്രന്ഥപ്പുര' തുടങ്ങിയവ തയ്യാറാക്കിയതും ഇൻഡിക് ഡിജിറ്റൽ ഫൗണ്ടേഷനാണ്. 'സമ'ത്തിന്റെ ആപ്പും ഉടൻ പുറത്തിറങ്ങും.

### 'ഓള'ത്തിൽ കൂടുതൽ വാക്കുകൾ

മലയാളം ഓൺലൈൻ നിഘണ്ടുവായ ഓളത്തിൽ കൂടുതൽ വാക്കുകൾ ഉൾപ്പെടുത്തി. ആലപ്പുഴ മാരാരിക്കുളം സ്വദേശിയും മുംബൈയിൽ താമസക്കാരനുമായ ഇ. കുമാരക്കുറുപ്പ് ( ഇ.കെ. കുറുപ്പ്) തയ്യാറാക്കിയ നാനാർഥ പദസഞ്ചയം ഓളത്തിൽ കൂട്ടിച്ചേർത്തതോടെയാണിത്. പത്തുലക്ഷത്തോളം വാക്കുകളാണ് അദ്ദേഹം തയ്യാറാക്കിയ പദസഞ്ചയത്തിലുള്ളത്. ആദ്യമായാണ് ഒരു വ്യക്തി തയ്യാറാക്കിയ നാനാർഥ പദസഞ്ചയം ഓളത്തിൽ ഉൾപ്പെടുത്തുന്നത്. എൽ.ആൻഡ് ടി.യിലെ ഉദ്യോഗസ്ഥനായിരുന്ന ഇ. കുമാരക്കുറുപ്പ് 20 വർഷംകൊണ്ടാണ് ഇത് തയ്യാറാക്കിയത്.

മാതൃഭൂമി.കോം വാട്സാപ്പിലും Follow Channel

Share this Article